72 (1178) ക്രോസ്-ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിലെ ഓമഞ്ചേരി പാറയ്ക്കോൽ ക്രോസ്-ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ക്രോസ്-ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിലെ ഓമച്ചേരി പാറയ്ക്കോൽ ഭൂതത്താൻകുണ്ട് എന്ന സ്ഥലത്ത് ക്രോസ്-ബാർ-കം-ബ്രിഡ്ജിന്റെ പണി നടന്നുവരുന്നു.

(സി) ഉദിക്കുന്നില്ല.

73 (1179) പിറവം ശുദ്ധജല വിപുലീകരണ പദ്ധതി

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം, പാമ്പാക്കുട, തിരുമാറാടി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിപുലീകരണ പദ്ധതിക്കും എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല പദ്ധതിക്കും എന്നാണ് അനുവാദം നൽകിയത്;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് ഇതുവരെ എന്തെല്ലാം നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു;

(സി) ഇവയെന്നു പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) ഇനി എന്നത്തേക്ക് ഈ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ഇപ്പോൾ എന്തൊക്കെയാണ് തടസ്സങ്ങൾ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം, പാമ്പാക്കുട, തിരുമാറാടി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 26.3.1996ലും എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല പദ്ധതികൾക്ക് 11/93 ലും, പിറവം ശുദ്ധജല വിപുലീകരണ പദ്ധതിക്ക് 3/92 ലും അനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly